# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7//1319/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7//1319/2023 തീയ്യതി: 04/10/2023

## കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.എം.ബാലകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.രാജീവൻ.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ.സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ
ശ്രീ.ബിബിൻ.ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.നസീമ കുളമുള്ളതിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷാനവാസ്.ഇ | സെക്രട്ടറി | 01-04-2022 | 11-10-2022 |
| ശ്രീ.രാമചന്ദ്രൻ | സെക്രട്ടറി | 12-10-2022 | 11-01-2023 |
| ശ്രീ.റഫീഖ്.സി.കെ | സെക്രട്ടറി | 12-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനീഷ് കുമാർ.ടി.പി. | അസി.സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീമതി.ചിത്ര വിജയൻ | അസി.സെക്രട്ടറി | 17-10-2022 | 31-03-2023 |
| ശ്രീമതി.പ്രിയ | അസി.എഞ്ചിനീയർ | 01-04-2022 | 28-12-2022 |
| ശ്രീ.സുധീർ നാഥ്.കെ.സി | അസി.എഞ്ചിനീയർ | 29-12-2022 | 31-03-2023 |
| ശ്രീമതി.അനുസ്മിത | കൃഷി ഓഫീസർ | 01-04-2022 | 23-08-2022 |
| ശ്രീ. ശ്യാം ദാസ് | കൃഷി ഓഫീസർ | 24-08-2022 | 31-03-2023 |
| ശ്രീ.ശ്രീജിത്ത്.ടി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. നീതു കുര്യാക്കോസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. അതുൽ രാജേഷ് | മെഡിക്കൽ ഓഫീസർ | 01-04-2022 | 06-06-2022 |
| ഡോ. ബിന്ദു | മെഡിക്കൽ ഓഫീസർ | 07-06-2022 | 31-03-2023 |
| ശ്രീ.റെജിൻ | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ.മഞ്ജുഷ.ടി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ.മഹേഷ് | ഡയറി ഫാം ഇൻസ്ലക്ടർ | 01-04-2022 | 15-12-2022 |
| ശ്രീമതി. സറീന | ഡയറി ഫാം ഇൻസ്ലക്ടർ | 16-12-2022 | 31-03-2023 |
| ഡോ.സാജിദ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ മുഴുവൻ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ-പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഇൻവെസ്റ്റ്മെന്റ് തുക വർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. | 1-1-7 |
| 9 | ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയതിൽ അപാകത | 1-1-8 |
| 10 | ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-1-9 |
| 11 | എ,സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | ഫണ്ട് വിനിയോഗം - അപാകതകൾ | 1-3-1 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-6 |
| 18 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ തനതുവരുമാനം നഷ്ടപ്പെടുന്നു. | 1-7 |
| 19 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-8 |
| 20 | സംരംഭക ലൈസൻസ് -അപാകതകൾ | 1-9 |
| 21 | തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല. | 1-10 |
| 22 | സ്ഥിര നിക്ഷേപം -യഥാസമയം പുതുക്കാത്തതിനാൽ വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല | 1-11 |
| 23 | ടേക്ക് എ.ബ്രേക്ക് പദ്ധതിനടത്തിപ്പിലെ അപാകതകൾ | 1-12 |
| 24 | ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി- പഞ്ചായത്തിന് സാമ്പത്തിക നഷ്ടം. | 1-13 |
| 25 | ആവശ്യകതയ്ക്ക് മുൻഗണന നൽകാതെ പദ്ധതി നടപ്പിലാക്കി | 1-14 |
| 26 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-15 |

| | | |
|---|---|---|
| 27 | കതിരണി നെൽകൃഷി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-16 |
| 28 | സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിക്കാതെ മൃഗസംരക്ഷണ മേഖലയിൽ മുട്ടക്കോഴി പദ്ധതി നടപ്പാക്കുന്നു | 1-17 |
| 29 | വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിലെ അപാകതകൾ | 1-18 |
| 30 | നിർവ്വഹണ ഉദ്യോഗസ്ഥനെ നിയമിച്ചില്ല - വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച | 1-19 |
| 31 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് -രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-20 |
| 32 | പുഴ-പുറമ്പോക്ക് സംരക്ഷണത്തിൽ വീഴ്ച | 1-21 |
| 33 | ഗ്രാമ പഞ്ചായത്ത് ഭൂമിക്ക് കരം ഒടുക്കാത്തതും മറ്റപാകതകളും | 1-22 |
| 34 | അംഗൻവാടികൾക്ക് കുഴൽക്കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-23 |
| 35 | പദ്ധതി ആസൂത്രണ ചെലവ് - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-24 |
| 36 | ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സംബന്ധിച്ച് | 1-25 |
| 37 | ശൗചാലയം അറ്റകുറ്റപ്പണി പദ്ധതിയുടെ വാല്വേഷൻ റിപ്പോർട്ടിൽ വ്യക്തതയില്ല | 1-26 |
| 38 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല. | 1-27 |
| 39 | കരാർ വെക്കാൻ കാലതാമസം - പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-28 |
| 40 | സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച അപാകതകൾ | 1-29 |
| 41 | എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംബന്ധിച്ച് | 1-30 |
| 42 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 24.07.2023 തീയതിയിലെ 1/1 തീരുമാന പ്രകാരം തയ്യാറാക്കി 27.07.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേളം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ മുഴുവൻ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ-പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും

തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഇൻവെസ്റ്റ്മെന്റ് തുക വർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ഓഡിറ്റിന് ഹാജരാക്കിയ ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ്, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ബാലൻസ് ഷീറ്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

സ്ഥാപനത്തിന്റെ ആസ്തികൾ മുഴുവനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.(ഖണ്ഡിക 1-22 കാണുക)

### 1-1-5 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷികകണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഉദാ-സ്റ്റോക്ക് രജിസ്റ്റർ

### 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

### 1-1-7 പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

ഉദാ- Post Office Savings Bank Account ൽ ബാലൻസ് ഷീറ്റ് പ്രകാരം 646412/-രൂപ നീക്കിയിരിപ്പുണ്ട്. അക്കൗണ്ട് റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

### 1-1-8 ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയതിൽ അപാകത

ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ആയത് ജേർണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

### 1-1-9 ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഉദാ-സംരംഭക ലൈസൻസ് രജിസ്റ്റർ

### 1-1-10 എ,സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം

വികസനഫണ്ടിന്റെ (ജനറൽ) ചെലവ് എ.സി.ആർ പ്രകാരം 19373142 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ I-6 ഷെഡ്യൂളിൽ വികസനഫണ്ട് ജനറൽ ഇനത്തിൽ ആകെ ചെലവ് തുക 21055620/-രൂപയാണ്. ഇവ തമ്മിൽ 1682478/-രൂപ വ്യത്യാസം കാണിക്കുന്നു.

### 1-2 ബജറ്റ്

26.03.2022 തീയതിയിലെ 1/26-03 തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ്

25.03.2023 തീയതിയിലെ 2/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 1967091 | 1967091 | 19373142 | 297759 |
| വികസനഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 1954847 | 1954847 | 1954847 | 0 |
| വികസനഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17172000 | 17172000 | 12506448 | 4665552 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5698000 | 5698000 | 4319404 | 1378596 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (Tied) | PFMS | 2958041 | 50571000 | 8015041 | 2999609 | 5015432 |
| | TREASURY | 0 | 1489326 | 1489326 | 900754 | 588572 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ- ടൈഡ് (Untied) | PFMS | 208320 | 3538565 | 3746885 | 3311734 | 435151 |
| | TREASURY | 0 | 584731 | 584731 | 509257 | 75474 |

### 1-3-1 ഫണ്ട് വിനിയോഗം - അപാകതകൾ

1) CFC (Tied & Untied) PFMS ഇനത്തിൽ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം ബാലൻസ് തുക 5450583/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-17 പ്രകാരം ഈയിനത്തിലുള്ള ബാലൻസ് തുക 5536066/- രൂപയാണ്. ഇവ തമ്മിൽ 85483/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2) CFC Tied PFMS ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മുന്നിരിപ്പായി ചേർത്ത തുക 2958041/- രൂപയാണ്. 2021-22 ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസ് തുക 3024347/- രൂപയാണ്. 2022-23 വാർഷിക കണക്കിൽ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പ് തുക 3024347/- രൂപയാണ്.

## 1-4 പദ്ധതി അവലോകനം

തൻവർഷം 175 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 139 പ്രൊജക്ടുകൾ നടപ്പിലാക്കി. 130860960 രൂപ അടങ്കൽ തുക വകയിരുത്തിയതിൽ 62167058 രൂപ ചെലവഴിച്ചു. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ആവശ്യമായ അടിസ്ഥാന വിവരങ്ങളും ഡാറ്റയും സ്റ്റാറ്റസ് റിപ്പോർട്ടിൽ ലഭ്യമല്ല. കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ പ്രശ്നങ്ങളും പരിഹാര നടപടികളും സ്റ്റാറ്റസ് റിപ്പോർട്ട് പ്രതിഫലിപ്പിക്കുന്നില്ല. വെറ്ററിനറി സർജൻ കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടു. 2019-20 മുതൽ 2022-23 വരെ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ മുട്ടക്കോഴി വളർത്തലിന് വൻ തുക ചെലവഴിച്ചതായി കാണുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കോഴിസമ്പത്തിന്റെ വളർച്ചയെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തലോ കണക്കുകളോ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. ഹെഡ്മാസ്റ്റർ തൻവർഷം വിദ്യാഭ്യാസ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 4 സർക്കാർ എൽ.പി/ യുപി സ്കൂളുകളുണ്ടെങ്കിലും ഇവയുടെ അടിസ്ഥാന ആവശ്യങ്ങൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ പരിഹാര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല.

## 1-5 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ച രജിസ്റ്ററുകൾ, പദ്ധതി നടത്തിപ്പ്, ഫയലുകളുടെ സൂക്ഷിപ്പ് എന്നിവ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. എഫ്.ടി.ഇ&ഒ.എസ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ പൂർണ്ണമല്ല. സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ഫയലുകൾ പലതും പൂർണ്ണമല്ല. പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പുഴ/പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിക്ക് കരമൊടുക്കുന്നില്ല. ഭൂസ്വത്ത് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ തെരുവ് വിളക്കുകളുടെ എണ്ണവും സംക്ഷിപ്തവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ ആർജ്ജിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 27.03.23ന് പുറപ്പെടുവിച്ചെങ്കിലും ഓഡിറ്റ് തിയ്യതി വരെ മറുപടി നൽകിയിട്ടില്ല.

## 1-6 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26536367/- |
| വരവ് | 37982061/- |
| ആകെ വരവ് | 64518428/- |
| ചെലവ് | 34275517/- |

| | |
|---|---|
| നീക്കിയിരിപ്പ് | 30242911/- |

1-7 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ തനതുവരുമാനം നഷ്ടപ്പെടുന്നു.

1. കെട്ടിട നമ്പർ 2022/UA 1

വേളം ഗ്രാമപഞ്ചായത്തിൽ വാർഡ് 12 ൽ വേളം വില്ലേജ് റീസർവ്വെ നമ്പർ 325/18,6 ൽ ശ്രീ. മുഹമ്മദ്, ജമാൽ, റാഷിദ്, ഇസ്മയിൽ, അബ്ദുൾ ഹമീദ് അയ്യൂബ് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് അനധികൃത നമ്പർ അനുവദിച്ച് 2022-23 മുതൽ നികുതി ഈടാക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്, U/A രജിസ്റ്റർ, ഫയൽ, എന്നിവ പരിശോധിച്ചതിലും എൽ.എസ്..ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 21/08/2023 ന് സ്ഥല പരിശോധന നടത്തിയതിലും കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനവും നടപടി ക്രമങ്ങളിൽ വീഴ്ചയും നടന്നതായി ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | പെർമിറ്റ് പ്രകാരം | | കെട്ടിട നമ്പർ നൽകിയത് (2020-21 Ist Half) | | നിലവിലുള്ളത് | U/A നമ്പർ നൽകിയത് ( 2022 U/A 1) |
|---|---|---|---|---|---|---|
| താഴത്തെ നില | 13.5 | 425.68 | 447/A | 13.5 | 425.68 | 13.5 |
| താഴത്തെ നില | 13.5 | | 447/B | 13.5 | | 13.5 |
| പാർക്കിങ്ങ് (8 എണ്ണം) | 398.68 | | | | | |
| ഒന്നാം നില | 246.56 | 409.66 | 447/C | 246.56 | 409.66 | 246.56 |
| ഒന്നാം നില | 81.55 | | 447/D | 81.55 | | 81.55 |
| ഒന്നാം നില | 81.55 | | 447/E | 81.55 | | 81.55 |
| | | 25.48 | | | 425.68 ട്രസ്സ് | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വർക്ക് നടത്തിയത് | |
| | | 860.82ച.മീ | | 436.66ച.മീ | 1261.66ച.മീ | 436.66ച.മീ |

സ്ഥല പരിശോധനയിൽ ഗ്രൗണ്ട് ഫ്ലോറിലെ പാർക്കിങ്ങ് മുഴുവൻ ഒഴിവാക്കി സെൻട്രലൈസ്ഡ് എ.സിയാക്കി "ബെസ്റ്റ് ബൈ ഹൈപ്പർ മാർക്കറ്റ്" എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നതായി കാണാൻ സാധിച്ചു. കെട്ടിടത്തിന് പാർക്കിംഗിനായി പ്ലോട്ടിൽ വേറെ സ്ഥലം ലഭ്യമല്ല എന്ന് പ്ലാനിൽ നിന്നും സൈറ്റിൽ നിന്നും വ്യക്തമാണ്. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ രണ്ടാം നിലയിൽ കോണിക്കൂട് മാത്രമാണുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ മുകൾനില മുഴുവനായി പ്ലാനിൽ നിന്നും അധികരിച്ച് ട്രസ്സ് വർക്ക് ചെയ്ത് സൂപ്പർമാർക്കറ്റിന്റെ ഗോഡൗണും കിച്ചൺ ഏരിയയും ടോയ്‌ലെറ്റ് ബ്ലോക്കും പ്രവർത്തിക്കുന്നതായി കണ്ടു.

LSGD ഓവർസിയറുടെ 18/06/2021 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടം അനധികൃതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് പ്രകാരം സെക്രട്ടറി 18/08/2021 ന് എ3-5973/2021 നമ്പറായി പൊളിച്ച് നീക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. സഞ്ചയ, Form 6 എന്നിവ പരിശോധിച്ചതിൽ അനധികൃത നിർമ്മാണം പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു. കെട്ടിടത്തെ അനധികൃത കെട്ടിടമായി കണക്കാക്കി യു.എ നമ്പർ നൽകി നിലവിൽ നിർമ്മാണം പൂർത്തിയായ ഏരിയയ്ക്കനുസൃതമായി മൂന്ന് ഇരട്ടി വസ്തുനികുതി പിഴയായി ചുമത്തുന്നതിന് പകരം നിലവിൽ നമ്പർ നല്കിയിട്ടുള്ള 436.66 ച.മീ. മാത്രമാണ് മൂന്ന് ഇരട്ടി വസ്തുനികുതി പിഴയായി ചുമത്തുന്നതിന് നടപടി സ്വികരിച്ചിട്ടുള്ളത്

18/06/2021 ന് അനധികൃത നിർമാണം കണ്ടെത്തിയെങ്കിലും അനധികൃതമായ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് 29/04/2022 ന് 134/2022-23 നമ്പർ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്,

അനധികൃത നിർമ്മാണം കണ്ടെത്തി LSGD ഓവർസിയർ 18/06/2021 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ നിർമ്മാണം പൂർത്തിയായ മുഴുവൻ ഏരിയയ്ക്കും 2021 ഒന്നാം അർദ്ധവർഷം മുതൽ മൂന്ന് ഇരട്ടി വസ്തുനികുതി പിഴയായി ചുമത്തുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളും, നടപടിക്രമങ്ങളും പാലിക്കാതെ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. കെട്ടിടത്തെ അനധികൃത കെട്ടിടമായി കണക്കാക്കി നികുതി പുനർനിർണ്ണയിച്ച് നിർമ്മാണം പൂർത്തിയായ ഏരിയയ്ക്ക് അനുസൃതമായി മൂന്ന് ഇരട്ടി വസ്തുനികുതി പിഴയായി ചുമത്തി അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള ചട്ടപ്രകാരമുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഇവയുടെ വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-8 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് വേളം ഗ്രാമപഞ്ചായത്ത് ഭരണസമിതി 18/04/2023 ലെ 3(1)/2023 നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 24/07/2023 ലെ 4/23 തീരുമാന പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. നികുതിപരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 5% വർദ്ധനവ് വരുത്തിയാണ് ഈടാക്കുന്നത്. 2023-24 വർഷത്തെ നികുതി പുതിയ നിരക്കിൽ നിർണ്ണിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സ്റ്റേറ്റ് വെയറിൽ ആയതിനനുസരിച്ച് മാറ്റങ്ങൾ വരുത്തിയിട്ടില്ല.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും, ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 3/- | 6/- |
| സ്വകാര്യ ഹോസ്റ്റൽ | 50/- | 55/- |
| മൊബൈൽ ടവർ | 500/- | 600/- |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-9 സംരംഭക ലൈസൻസ് -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1955 (24 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 403 സ്ഥാപനങ്ങളിലായാണ് സംരംഭക ലൈസൻസ് എടുത്തിരിക്കുന്നത്.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1955 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ (24 വേക്കൻസി റെമിഷൻ+ഡിമോളിഷ് ചെയ്തത്-58) 532 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷത്തേതിനേക്കാൾ 75 സംരംഭകർ ഗ്രാമപഞ്ചായത്തിൽ സംരംഭക ലൈസൻസ് എടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | അനുവദിച്ച സംരംഭക ലൈസൻസുകളുടെ എണ്ണം |
|---|---|---|
| 1 | 2020-21 | 297 |
| 2 | 2021-22 | 328 |
| 3 | 2022-23 | 403 |

മുൻവർഷങ്ങളെ അപേക്ഷിച്ച് ലൈസൻസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും വാണിജ്യാവശ്യത്തിന് നമ്പർ അനുവദിച്ച ഡിമാന്റുകൾ 1341 എണ്ണം ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ലൈസൻസ് ഫീ ഇനത്തിൽ വരുമാന

വർദ്ധനവ് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-10 തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, റേഷൻഷോപ്പ് ഉടമകൾ, ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി നടത്തിയ കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ലൈസൻസ് എടുത്ത പ്രവൃത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും കണ്ടെത്തി അവയിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

4. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 205 ബി പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെ കുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. (ചട്ടം 13) എന്നാൽ ഇപ്രകാരം നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഫീൽഡ് പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലഭ്യമായ വരുമാന സ്രോതസ്സുകളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 സ്ഥിര നിക്ഷേപം -യഥാസമയം പുതുക്കാത്തതിനാൽ വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല

വേളം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തെ സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, നിക്ഷേപ രസീതുകൾ എന്നിവ പ്രകാരം പരിശോധിച്ചപ്പോൾ യഥാസമയം നിക്ഷേപം പുതുക്കാത്തതിനാൽ വാഗ്ദാനം ചെയ്ത പലിശ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം താഴെ ചേർക്കുന്നു.

2021-22 സാമ്പത്തിക വർഷത്തെ നിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2785750 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 45132 |
| ആകെ | 2830882 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2830882 |

കേരള സംസ്ഥാന സഹകരണ ബാങ്ക്, വേളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ 2 ബാങ്കുകളിലായാണ് സ്ഥിരനിക്ഷേപം നിലവിലുള്ളത്.

2021-22 സാമ്പത്തിക വർഷം വാർഷികകണക്ക് പ്രകാരമുള്ള സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി ബാങ്ക്-കുറ്റ്യാടി | 31/12/2021 | 12 മാസം | 2266726 | |
| 2 | വേളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 03/11/2021 | 12 മാസം | 564156 | |
| ആകെ | | | | 2830882 | |

2022-23 വർഷം സ്ഥിരനിക്ഷേപത്തിന്റെ പലിശ ഇനത്തിൽ 107660/-രൂപയാണ് വാർഷിക കണക്കിൽ വരവ് വെച്ചിരിക്കുന്നത്. 2022-23 വർഷം വേളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള സ്ഥിരനിക്ഷേപം പുതുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | 2022-23 പ്രകാരം ബാലൻസ് തുക | 2022-23 വർഷം ലഭ്യമായ പലിശ | ഷെയർ സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമാകേണ്ടിയിരുന്ന പലിശ | പലിശ ഇനത്തിൽ നഷ്ടം |
|---|---|---|---|---|
| വേളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്ഷെയർ സർട്ടിഫിക്കറ്റ് നം-4701 | 564156 | 19040 | 45132(8% നിരക്കിൽ) | 26092 |

| | | | | |
|---|---|---|---|---|
| | | | | |
| കേരള ബാങ്ക്-കെ.ഡി.സി ബാങ്ക്-കുറ്റ്യാടി | 2266726 | 88620 | 164337(7.25 % നിരക്കില്) | 75717 |
| | ആകെ തുക | | | 101809/- |

സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിൽ 101809 രൂപയുടെ കുറവ് 2022-23 വർഷത്തിൽ സംഭവിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിൽ കുറവ് വന്നതായി പരാമർശമുണ്ട്. വാഗ്ദാനം ചെയ്ത പലിശ ഫിക്സഡ് ഡെപ്പോസിറ്റുകൾക്ക് ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-12 ടേക്ക് എ.ബ്രേക്ക് പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം- 142/22-23

നിർവ്വഹണം - അസി. എഞ്ചിനിയർ

വകയിരുത്തിയ തുക - 1,660,000/-

ചെലവഴിച്ച തുക - 992933/-

ബിൽ തീയതി - 25-03-23

എം ബുക്ക് നം - 379/21, 469/21, 311/23,528/22

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ.(കൈ)39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ)45/2020/ത.സ്വ.ഭ.വ, തീയതി 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ

സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശൗചിമുറികൾ നവീകരിക്കുന്നതിന്/ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകുകയും ചെയ്തു.

മേൽ ഉത്തരവുകളുടെ ഭാഗമായി വേളം ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് നം 254/20-21 ആയും 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് നം 141/22 ആയും 1660,000/- രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തെങ്കിലും ഈ വർഷങ്ങളിൽ പദ്ധതിയ്ക്കായി തുകയൊന്നും ചെലവ് ചെയ്തിട്ടില്ല.

ബഹു.ജില്ലാ കലക്ടറുടെ 15-09-2021 ലെ DCKKD/6227/2021-L-1 നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് (നിരത്ത്) വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് സെന്റ് സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം മാത്ര വകുപ്പിൽ നിലനിർത്തി ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് താൽക്കാലിക ഉപയോഗത്തിനുള്ള അനുമതി നൽകിയത് പ്രകാരമാണ് പദ്ധതിയ്ക്ക് സെലക്ഷൻ നോട്ടീസ് (തീയതി 25-10-21) നൽകുന്നത്. ഇത് പ്രകാരം കരാറേറ്റെടുത്ത കരാറുകാരനായ ശ്രീ.ഇബ്രാഹിമ്മിന് എട്ട് മാസം പ്രവൃത്തി പൂർത്തീകരണ കാലയളവ് നൽകി കരാറുകാരന് 26-10-21 ന് സൈറ്റ് കൈമാറിയെങ്കിലും ഓഡിറ്റ് പിരീഡ് വരെ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടില്ല. പ്രവൃത്തി കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ ഭരണസമിതി കാലാവധി നീട്ടി നൽകകയോ ചെയ്തിട്ടില്ല. പാർട്ട് ബിൽ നൽകിയപ്പോൾ പിഴയും ഈടാക്കിയിട്ടില്ല.

കൂടാതെ ടേക്ക് എ ബ്രേക്കിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് മേൽ പദ്ധതിയിൽ തുക വകയിരുത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് മുൻപിലെ റോഡിന് സെഡിലൂടെ കടന്നു പോവുന്നതിൽ നിന്നും ഇവിടേക്ക് കണക്ഷൻ എടുക്കാനാണ് ഉദ്ദേശിക്കുന്നത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചത്. എന്നാൽ ഇതിനായി സെക്രട്ടറിയോ അസിസ്റ്റന്റ് എഞ്ചിനിയറോ പദ്ധതി വയ്ക്കുകയോ മറ്റ് നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. കൂടാതെ കെട്ടിടത്തിലേക്ക് നിലവിൽ ഇലക്ട്രിസിറ്റി കണക്ഷനും ലഭ്യമായിട്ടില്ല. സ്ഥല പരിശോധനയിൽ ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ പെയിന്റിംഗ് ഉൾപ്പടെയുള്ള നിർമ്മാണം പൂർത്തിയായതായി കാണുന്നു. ഇതിനാൽ അടിയന്തിരമായി വാട്ടർ കണക്ഷനും ഇലക്ട്രിസിറ്റി കണക്ഷനും ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (08/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി- പഞ്ചായത്തിന് സാമ്പത്തിക നഷ്ടം.

പ്രോജക്റ്റ് നം - (SO) 142/22-23

പ്രോജക്റ്റിന്റെ പേര് - ചിറക്കൽ മുക്ക് റോഡ്

വകയിരുത്തിയ തുക – 500000/-

ചെലവഴിച്ച തുക - 498381/-

ബിൽ നമ്പർ - 0341759 Dtd 22-07-2022

എം ബുക്ക് നം - 143/22

ഈ പ്രവൃത്തിയ്ക്ക് 2021-22 ൽ പ്രോജക്റ്റ് നം 143/21-22 ആയി 4 ലക്ഷം രൂപ വകയിരുത്തിയിരുന്നു എങ്കിലും 2021-22 ൽ ചെലവില്ലായിരുന്നു. ഇതാണ് സ്പിൽ ഓവറായി 2022-23 ലേക്ക് കൊണ്ടുവന്നത്. പദ്ധതി പ്രകാരം ചിറക്കൽമുക്ക് റോഡ് ഗതാഗത സൗകര്യം, മണ്ണ് സംരക്ഷണം എന്നിവയാണ് ഉദ്ദേശിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം 398mtr റോഡിന് ഇരുവശത്തും ഐറിഷ് ഡ്രെയിൻ (ആകെ 38.208 Cum) ചെയ്യാനും 17മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും എം ബുക്ക് പ്രകാരം

റോഡിന് ഇരുവശത്തുമായി ആകെ 815.4 മീറ്റർ നീളത്തിൽ (ആകെ 46.496cum പ്രവൃത്തി ചെയ്തു) ഐറിഷ് ഡ്രെയിൻ പ്രവൃത്തി ചെയ്തിട്ടുണ്ട് എന്ന് കണ്ടു .

എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2016 MORD (Cost Index 33.02%) പ്രകാരമാണ്. എസ്റ്റിമേറ്റിൽ ഐറിഷ് ഡ്രെയിൻ പ്രവൃത്തികൾക്കായി ഉൾപ്പെടുത്തിയിരിക്കുന്നത് 11.4.3.1 എന്ന ഡാറ്റയാണ്. ഈ ഡാറ്റ പ്രകാരമാണ് മെഷർമെന്റ് എടുത്ത് ബിൽ തുക നൽകിയിരിക്കുന്നതും.

MORD ഡാറ്റാ ബുക്ക് പ്രകാരം 11.4.3.1 എന്ന ഐറ്റത്തിൽ ഫോം വർക്ക് (4%) ഉൾപ്പെടുന്നുണ്ട്. എന്നാൽ 21-08-2022 ന് നടത്തിയ സ്ഥല പരിശോധനയിൽ 30 മീറ്റർ നീളത്തിൽ മാത്രമാണ് ഫോം വർക്ക് ഈ റോഡിൽ ആവശ്യമായി വന്നിട്ടുള്ളൂ എന്ന് കണ്ടു. അതായത് ആകെ 30x0.3x0.12=1.08cum ന് മാത്രമാണ് ഫോം വർക്ക് ആവശ്യമായി വന്നിട്ടുള്ളൂ. ബാക്കി ഏരിയയിൽ റോഡിന് ഇരുവശത്തും മതിൽ ആയതിനാൽ ഐറിഷ് ഡ്രെയിന് (45.416cum പ്രവൃത്തിയ്ക്ക്) ഫോംവർക്ക് ആവശ്യമില്ലാതെയാണ് ചെയ്തിരിക്കുന്നത് എന്ന് കണ്ടു.

റോഡ് നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് ഒരു ഏകീകൃത സ്വഭാവം കൈവരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05-04-2021 ലെ മാർഗ്ഗനിർദ്ദേശ പ്രകാരം റോഡ് കോൺക്രീറ്റ് പ്രവൃത്തിക്കായി MORD ലെ 11.4.3.1 എന്ന കോഡിലെ ഇനം അടിസ്ഥാനമാക്കി 40mm മെറ്റൽ, ഫോം വർക്ക് എന്നിവ ഒഴിവാക്കി ഒബ്സേവ്ഡ് ഡാറ്റ തയ്യാറാക്കി ഉപയോഗിക്കാം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇവിടെ ഇപ്രകാരം ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികമായി നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്ന് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതുമാണ്.

1-14 ആവശ്യകതയ്ക്ക് മുൻഗണന നൽകാതെ പദ്ധതി നടപ്പിലാക്കി

പ്രോജക്റ്റ് നം - 12/2223

പ്രോജക്റ്റിന്റെ പേര് - ഉവ്വമല താനിയുള്ളതിൽ റോഡ്

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനിയർ

വകയിരുത്തിയ തുക – 420100/- (CFC)

ചെലവഴിച്ച തുക - 372134/-

ബിൽ നമ്പർ/തീയതി -273/27.02.2023

പദ്ധതി പ്രകാരം ഉവ്വമല താനിയുള്ളതിൽ റോഡ് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുകയാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത് പ്രകാരം 90 Mtr നീളത്തിലും 3 മീറ്റർ വീതിയിലും കോൺക്രീറ്റ് റോഡ് നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 78 Mtr നീളത്തിലും 3 മീറ്ററിലധികം വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 21-08-2023 ന് നടത്തിയ സ്ഥലപരിശോധനയിൽ നിന്നും പണി പൂർത്തീകരിച്ച പ്രസ്തുത റോഡ് അവസാനിക്കുന്ന ചെയിനേജിൽ നിന്നും മറ്റ് റോഡുകളുമായോ നടപ്പാതയുമായോ കണക്റ്റ് ചെയ്യുന്നില്ല എന്ന് കണ്ടു. ഈ റോഡിന് ആകെ 4 വീട്ടുകാർ മാത്രമാണ് ഗുണഭോക്താക്കളായുള്ളത്. റോഡ് അവസാനിക്കുന്നത് ഈ റോഡിന്റെ ഒരു ഗുണഭോക്താവിന്റെ വീട്ടിലേക്കാണ്. തുടർന്നങ്ങോട്ട് വീടുകളോ സഞ്ചാര യോഗ്യമായ നടപ്പാതയോ മറ്റ് വഴികളിലേക്ക് പ്രവേശനമോ ഇല്ല. നാല് ഗുണഭോക്താക്കൾക്ക് മാത്രമായി ആവറേജ് 3.394 Mtr വീതിയിൽ കോൺക്രീറ്റ് റോഡ് നിർമ്മിച്ച നൽകിയത് പദ്ധതി ആസൂത്രണത്തിന്റെ അപാകതയാണ്. പഞ്ചായത്തിൽ വലിയ വിഭാഗം ആളുകൾ ഉപയോഗിച്ച് വരുന്നതും വാഹന ഗതാഗതം ഉള്ളതുമായ ധാരാളം കണക്റ്റഡ് റോഡുകൾ മോശാവസ്ഥയിലുണ്ടായിട്ടും നാല് വീട്ടുകാർക്ക് വേണ്ടി മാത്രം വലിയ തുക ചെലവഴിച്ച് വാഹന ഗതാഗത സൗകര്യത്തോടെ കോൺക്രീറ്റ്

റോഡ് നിർമ്മിച്ച നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇവർക്ക് നടപ്പാതയോ അല്ലെങ്കിൽ ഇരുചക്ര വാഹന സൗകര്യമോ ഒരുക്കി നൽകാമായിരുന്നു.

കൂടാതെ സ്ഥല പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

റോഡ് അവസാനിക്കുന്ന ചെയിനേജിന് രണ്ട് മീറ്റർ മുന്നെ കോൺക്രീറ്റ് റോഡിന് സൈഡിൽ നിന്നും ഒന്നര മീറ്റർ ഉള്ളിലായും ഒരു ഇലക്ട്രിക് പോസ്റ്റ് സ്ഥിതി ചെയ്യുന്നതായി കണ്ടു. പോസ്റ്റ് മാറ്റി സ്ഥാപിക്കാതെയാണ് കോൺക്രീറ്റ് ചെയ്തത്. ഇതിനാൽ തന്നെ റോഡ് അവസാനിക്കുന്ന ഭാഗം വരെ വാഹനം കൊണ്ടുപോകാൻ സാധിക്കുകയില്ല. ഈ ഇലക്ട്രിക് പോസ്റ്റിന് തൊട്ട് മുൻപിൽ വരെയാണ് ഈ റോഡിന്റെ അവസാന ഗുണഭോക്താവിന്റെ വീട് സ്ഥിതി ചെയ്യുന്നത്. എന്നിരുന്നിട്ടും റോഡിൽ സ്ഥിതിചെയ്യുന്ന മാറ്റി സ്ഥാപിക്കാത്ത ഇലക്ട്രിക് പോസ്റ്റും കഴിഞ്ഞ് രണ്ട് മീറ്ററോളം നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്തു നൽകിയത് പദ്ധതി നിർവ്വഹണത്തിന്റെ വീഴ്ചയാണ്.

ഇത് കൂടാതെ മറ്റൊരു ഇലക്ട്രിക് പോസ്റ്റും കോൺക്രീറ്റ് ചെയ്ത റോഡിന് സൈഡിൽ റോഡിനുള്ളിൽ ഏകദേശം അര മീറ്ററിനുള്ളിലായി സ്ഥിതി ചെയ്യുന്നുണ്ട്. ഇതും മാറ്റി സ്ഥാപിക്കാതെയാണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്.

പഞ്ചായത്തിലെ റോഡ് വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള വിശദമായ ആസ്തി രജിസ്റ്ററിന്റെ അഭാവവും കൃത്യമായ പരിശോധന നടത്താതെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതും കൂടാതെ മുൻഗണന നിശ്ചയിക്കാതെ പദ്ധതി ആസൂത്രണം ചെയ്ത പോരായ്മയും ആണ് ഈ അപാകത ഉണ്ടാകാനിടയായിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും വീഴ്ച സംഭവിച്ചു. പഞ്ചായത്തിലെ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയായ R-Track (പ്രോജക്ട് നം. 196/22-23) ഓഡിറ്റ് പിരീഡ് വരെ പൂർത്തിയായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ മാമ്പ്രമല എന്ന സ്ഥലത്ത് 2006 മുതൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ കെട്ടിടത്തിന് മതിയായ സ്ഥലസൗകര്യം ഉണ്ട്. സ്ഥാപനത്തിൽ 36 പേർ സ്ഥിരമായി ക്ലാസിൽ വരുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 78 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. ഇവരുടെ ശാരീരിക – മാനസിക വികാസത്തിനും, വൊക്കേഷണൽ ട്രെയിനിങ്ങിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ പ്രവർത്തനം നടത്തിയിട്ടില്ല. പദ്ധതി വർഷം ഈ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. സാന്ത്വനം ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം (പ്രൊ.നം.61/23) എന്ന പദ്ധതിയാണിത്. സ്ഥാപനം സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് വിവിധ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം ഉയർന്ന സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ മെയിൻ റോഡിൽ നിന്നും സ്ഥാപനത്തിലേക്ക് കടക്കുന്ന റോഡ് കയറ്റം ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/23/22.8.23) മറുപടി നൽകിയിട്ടില്ല. ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 കതിരണി നെൽകൃഷി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമല്ല

തരിശുനില ഇടവിള കൃഷിക്ക് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം. | 99/23 |
| അടങ്കൽ | 600000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 240000/- |
| ബിൽനം. തി. | 269/23/31.3.23 |

തരിശു നിലങ്ങളിൽ കൃഷി ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയിൽ മേൽ തുക ജില്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുകയുണ്ടായി. എന്നാൽ ഇതിന്റെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23/22.8.23) മറുപടി നൽകിയിട്ടില്ല. മേൽപ്പറഞ്ഞിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 240000/- തടസ്സത്തിൽ വെക്കുന്നു

## 1-17 സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിക്കാതെ മൃഗസംരക്ഷണ മേഖലയിൽ മുട്ടക്കോഴി പദ്ധതി നടപ്പാക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച പദ്ധതി വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും വിശദീകരിക്കുന്നുണ്ട്. മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ട വൈവിധ്യമാർന്ന പദ്ധതികളെക്കുറിച്ച് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വർഷം ഈ മേഖലയിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി മാത്രമാണ് നടത്തിയത്. കഴിഞ്ഞ നാലുവർഷങ്ങളിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി ആവർത്തിച്ച് നടപ്പാക്കി വരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2019-20 | മുട്ടഗ്രാമം പദ്ധതി | 409750 | 310750 |
| 2020-21 | മുട്ടക്കോഴി വളർത്തൽ | 211200 | 197400 |
| 2021-22 | മുട്ടക്കോഴി വളർത്തൽ | 341400 | 341400 |
| 2022-23 | മുട്ടക്കോഴി വളർത്തൽ (വനിത) | 1132200 | 1089600 |

സ.ഉ.(കൈ)നം.84/2022/തസ്വഭവ. തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ മൃഗസംരക്ഷണ മേഖലയിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതായിരിക്കണം പദ്ധതികളുടെ ലക്ഷ്യം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വർഷം പ്രൊജക്ടുകൾ മുട്ടക്കോഴി വിതരണത്തിൽ മാത്രമൊതുങ്ങി. മറ്റുമേഖലകളിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. പദ്ധതി വർഷം നടപ്പാക്കിയ മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്ട്നം. | 104/23 |

| | |
|---|---|
| അടങ്കൽ | 1132200 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1089600 |
| ബിൽനം. | 48/23/21.02.23 |

ഈ പദ്ധതിയിൽ 1887 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് അഞ്ച് കോഴിക്കുഞ്ഞുങ്ങൾ വീതം 9435 കോഴികളെ വിതരണം ചെയ്യുന്നതിനാണ് നടപ്പാക്കിയത്. എന്നാൽ ഗുണഭോക്താക്കൾ കോഴികളെ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 6340 കുടുംബങ്ങളാണുള്ളത്. തുടർച്ചയായ വർഷങ്ങളിൽ മുട്ടക്കോഴി വിതരണപദ്ധതി നടപ്പാക്കുമ്പോൾ ഒരേ കുടുംബങ്ങൾക്കുതന്നെ ആവർത്തിച്ച് ഈ ആനുകൂല്യം ലഭിക്കാൻ സാധ്യതയുണ്ട്. എന്നാൽ പദ്ധതികൾകൊണ്ട് ഗ്രാമപഞ്ചായത്തിൽ കോഴിമുട്ടയുടെയും, മാംസത്തിന്റെയും എത്രമാത്രം ഉൽപ്പാദന വർധനവ് നടന്നു എന്നത് വിലയിരുത്തപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് വിശദമായ മോണിറ്ററിംഗ് നടന്നിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പദ്ധതികൾ നടപ്പാക്കാതെ പോയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23/22.8.23) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിലെ അപാകതകൾ

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നം. | 51/23 |
| അടങ്കൽ | 240800/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 240493/- |
| ബിൽനം. തി. | 786/23/28.03.23 |

65 കട്ടിലുകൾ ടെണ്ടർ കൂടാതെ നേരിട്ട് സിഡ്കോയിൽ നിന്ന് വാങ്ങി വിതരണം നടത്തുകയാണുണ്ടായത്. കട്ടിലിന്റെ വിലയായി 3700/-രൂപയാണ് നൽകിയിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ കട്ടിലിന് മേൽ സൂചിപ്പിച്ച വില കാണുന്നില്ല. പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത വില നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഇനം നേരിട്ട് വാങ്ങിയത് ശരിയായ നടപടിയല്ല. ടെണ്ടർ മുഖേനയായിരുന്നു സാധനങ്ങൾ വാങ്ങേണ്ടിയിരുന്നത്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/23/ 22.8.23) മറുപടി നൽകിയിട്ടില്ല. 240493/- ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1-19 നിർവ്വഹണ ഉദ്യഗസ്ഥനെ നിയമിച്ചില്ല - വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടില്ല.സർക്കാർ മേഖലയിൽ ഗ്രാമപഞ്ചായത്തിൽ ഒരു യു.പി സ്കൂളും, മൂന്ന് എൽ.പി സ്കൂളുകളുമാണുള്ളത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇതിലേതെങ്കിലും സ്കൂളിലെ ഹെഡ്മാസ്റ്ററെ നിയമിച്ചതായി കാണുന്നില്ല. സ.ഉ.(കൈ)നം.84/2022/തസ്വഭവ തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-5-3 ൽ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണസമിതി നിർവ്വഹണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടില്ല. പദ്ധതി വർഷം വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പാക്കിയത് സെക്രട്ടറിയാണ്. എസ്.എസ്.എ.വിഹിതം നൽകൽ (പ്രൊജക്ട് നം.174/23), തുല്യതാ പഠനം പഠിതാക്കൾക്ക് കോഴ്സ് ഫീ നൽകൽ (പ്രൊജക്ട് നം.182/23) എന്നിങ്ങനെ രണ്ട് പദ്ധതികളാണ് ഈ കാലയളവിൽ നടപ്പാക്കിയത്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 05.05.2022 ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മൂന്ന് അംഗങ്ങൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എന്നാൽ ഈ യോഗം കൺവീനർ ഇല്ലാതെയാണ് ചേർന്നിരിക്കുന്നത്. യോഗത്തിൽ വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളിലുള്ള പോരായ്മകൾ, അക്കാദമിക മേഖലകളിൽ നടത്തേണ്ട ഇടപെടലുകൾ എന്നിവ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്. എന്നാൽ ഇവ പരിഗണിച്ച് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 21.08.2023ന് ഗ്രാമ പഞ്ചായത്തിലെ അരമ്പോൽ ജി.എൽ.പി,ചേരാപുരം ജി.എൽ.പി, ചെറുകുന്ന് ജി.യു.പി എന്നീ സ്കൂളുകൾ സന്ദർശിക്കുകയുണ്ടായി. ഇതിൽ അരമ്പോൽ,ചെറുകുന്ന് എന്നീ സ്കൂളുകളുടെ ചില കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലാണുള്ളത്. അരമ്പോൽ സ്കൂളിലെ പ്രീപ്രൈമറി പ്രവർത്തിക്കുന്ന കെട്ടിടത്തിന് ഫിറ്റ്നെസ് ഇല്ലെന്ന് ഹെഡ്മിസ്ട്രസ് ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. മൂന്ന് സ്കൂളുകളിലും മതിയായ ടോയ് ലറ്റ് സൗകര്യം ഒരുക്കിയിട്ടില്ല.ചെറുകുന്ന് ജി.യു.പി സ്കൂളിലെ അടുക്കളയ്ക്ക് മതിയായ സൗകര്യം ഇല്ല. വർഷങ്ങളായി ഗ്രാമ പഞ്ചായത്ത് സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടില്ല. സ്കൂളുകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വിദ്യഭ്യസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. വിദ്യഭ്യാസ മേഖലയിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിൽ ഭരണസമിതിയുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/23/22.08.23) മറുപടി നൽകിയിട്ടില്ല. വിദ്യഭ്യാസ മേഖലയിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ നിയമിച്ച്, മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് -രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

പ്രൊജക്ട് - 59/22-23

അടങ്കൽ - 200000

ചെലവ് - 116466 (തനതുഫണ്ട്)

പ്രൊസീഡിംഗ്സ് നമ്പർ - 98/28.10.22

2 ലാപ്ടോപ്, 15 ഡെസ്ക്ടോപ്പ്, 1 സെർവ്വർ എന്നിവയുടെ മെയിന്റനൻസിന് എ.എം.സി വെച്ചതിൽ കെൽട്രോണിന് 116466 രൂപ നൽകിയിട്ടുണ്ട്. 08.11.22 മുതൽ 07.11.23 വരെയാണ് എ.എം.സി കാലാവധി. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കമ്പ്യൂട്ടറുകൾ വാങ്ങിയ തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ ഉപകരണങ്ങൾ വാറന്റി

കാലാവധി കഴിഞ്ഞവയാണെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തി കുറ്റമറ്റ രീതിയിൽ ടി രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 പുഴ-പുറമ്പോക്ക് സംരക്ഷണത്തിൽ വീഴ്ച

കുറ്റ്യാടി പുഴയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന, ധാരാളം പുഴ പുറമ്പോക്ക് ഭൂമിയുള്ള ഗ്രാമപഞ്ചായത്താണ് വേളം ഗ്രാമപഞ്ചായത്ത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകുംവിധം ഗ്രാമപഞ്ചായത്ത് പുഴപുറമ്പോക്കുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയോ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി എത്രയെന്നത് സംബന്ധിച്ച യാതൊരു രേഖയും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 242-ാം വകുപ്പും 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം ലഭ്യമാക്കി, പുഴ പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഗ്രാമ പഞ്ചായത്ത് ഭൂമിക്ക് കരം ഒടുക്കാത്തതും മറ്റപാകതകളും

ആസ്തി രജിസ്റ്ററിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 42 ഭൂമിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. എല്ലായിനം ഭൂസ്വത്തുക്കളുടെ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി പ്രൊജക്ട് നമ്പർ 121/22-23 പ്രകാരം ഗ്രാമപഞ്ചായത്ത് 2022-23 വർഷം തനതുഫണ്ടിൽ നിന്ന് 450000 രൂപ ചെലവഴിച്ച് ആർജ്ജിച്ച 12.14 ആർ വിസ്തീർണമുള്ള കളിസ്ഥലത്തിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 10 അങ്കണവാടികളുടെ വിവരങ്ങൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ ആകെയുള്ള 29 അങ്കണവാടികളിൽ ഒരെണ്ണത്തിന് മാത്രമാണ് സ്വന്തമായി ഭൂമിയില്ലാത്തത്. ഭൂസ്വത്തുക്കളുടെ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിക്ക് നികുതി ഒടുക്കുന്നില്ല. ഭൂസ്വത്തുക്കൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നില്ല. ഉദാഹരണമായി മേൽപ്പറഞ്ഞ കളിസ്ഥലം പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ 21.08.2023 ന് നേരിൽ പരിശോധിച്ചിരുന്നു. എന്നാൽ ഭൂമി അതിർത്തി നിർമ്മിക്കാത്ത നിലയിലാണ് കാണാൻ കഴിഞ്ഞത്. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ഭൂമിയുടെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഭൂസ്വത്ത് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 അംഗൻവാടികൾക്ക് കുഴൽക്കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രൊജക്ട് നമ്പർ - 2/22-23

ചെലവ് - 215494 (434/30.03.23)

സി.എഫ്.സി ഗ്രാന്റ് ഉപയോഗിച്ച് 5 അങ്കണവാടികൾക്ക് കുഴൽക്കിണർ കുഴിക്കുന്നതിന് ഗ്രൗണ്ട്

വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഫീസിബിലിറ്റി ലഭിച്ചിട്ടുണ്ട്. കുഴൽ കിണർ പ്രവൃത്തി നിർവ്വഹിക്കുന്നതിന് 215494 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് വെക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റ് വെച്ച് പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 215494 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-24 പദ്ധതി ആസൂത്രണ ചെലവ് - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 57/22-23

പദ്ധതി ആസൂത്രണ ചെലവ് ഇനത്തിൽ തൻവർഷം തനതു ഫണ്ടിൽ നിന്ന് 71436 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| പ്രൊസീഡിംഗ്സ് നമ്പർ | തുക |
|---|---|
| 50/17.08.22 | 19140 |
| 208/07.02.23 | 29816 |
| 311/09.03.23 | 6480 |
| 376/23.03.23 | 16000 |
| ആകെ | 71436 |

മേൽപ്പറഞ്ഞ ചെലവുകളിൽ കരട് പദ്ധതിരേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രിന്റ് ചെയ്ത ഇനത്തിലുള്ള 19140 രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമാണ് ഫയലിലുള്ളത്. അവശേഷിക്കുന്ന 52296 രൂപയുടെ ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 52296 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സംബന്ധിച്ച്

വേളം ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തി ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് നാളിതുവരെയായി ക്രഡിറ്റ് ആയിക്കൊണ്ടിരിക്കുന്നത്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് പരാമർശിച്ചിട്ടും നാളിതുവരെ ഇ-ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/22-23) നൽകിയ മറുപടി പ്രകാരം 363,807/-രൂപ പഞ്ചായത്തിന് ലഭിയ്ക്കാനുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ശൗചാലയം അറ്റകുറ്റപ്പണി പദ്ധതിയുടെ വാല്വേഷൻ റിപ്പോർട്ടിൽ വ്യക്തതയില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ കക്കൂസുകളുടെ റിപ്പയറിംഗിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രോജക്ട് നം. | 28/23 |

| | |
|---|---|
| അടങ്കൽ | 340000/- |
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 240000/- |
| ബിൽ നമ്പർ/തീയതി | 389/23/08.03.23 |

സ.ഉ (കൈ) നം.115/2022/തസ്വഭവ. തി.28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ 6-8-(ഡി) 9 പ്രകാരം ഒറ്റക്കുഴി കക്കൂസുകൾ ഇരട്ടക്കുഴി കക്കൂസുകളാക്കുകയോ, സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുകയോ ചെയ്ത് ശുചിത്വ കക്കൂസുകളാക്കി മാറ്റുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഗുണഭോക്താക്കൾക്ക് ഓവർസിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പതിനായിരം രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ വാലേഷൻ റിപ്പോർട്ടിൽ പ്രവൃത്തി പൂർത്തീകരിച്ചതായി മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. ഏതൊക്കെ പ്രവൃത്തികൾ എത്ര അളവിൽ ചെയ്തു എന്ന് പരാമർശിച്ചിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകത വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/23/ 22.8.23) മറുപടി നൽകിയിട്ടില്ല. വിശദമായ വാലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.

വേളം ഗ്രാമപഞ്ചായത്തിൽ 22-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തി ഓഡിറ്റ് പിരീഡ് വരെ പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കാലാവധി നീട്ടി നൽകാൻ കരാറുകാരൻ ആവശ്യപ്പെടുകയോ കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഭരണസമിതി പ്രവൃത്തി കാലാവധി നീട്ടി നൽകിയതായും കാണുന്നില്ല.

| ക്രമ നം | പ്രോ ജക്ട് നം | കരാർ തീയതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീക രണ കാല യളവ് | സൈറ്റ് കൈമാറിയ തീയതി | പ്രവത്തി പൂർത്തി യാക്കിയ തീയതി | Agreed PAC | ഈടാ ക്കേണ്ട പിഴ | കരാറു കാരൻ |
|---|---|---|---|---|---|---|---|---|
| 1 | 141/22-23 (ടേക്ക് എ ബ്രേക്ക്) | 26-10-2021 | 8 Month | 26-10-2021 | പൂർത്തിയാ യിട്ടില്ല | 1372136.55/- | 41,164/- | ഇബ്രാഹിം .കെ.പി |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ

കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല . ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ പാർട്ട് ബിൽ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും അടിയന്തിരമായി വർക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കാലതാമസത്തിന് നിയമപ്രകാരമുള്ള പിഴ ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-28 കരാർ വെക്കാൻ കാലതാമസം - പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

ജി.ഒ.(പി) 13/2012/പി.ഡബ്ല്യു.ഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് നം | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | Agreed PAC | പിഎസി യുടെ1% ഫൈൻ തുക |
|---|---|---|---|---|---|
| 1 | 142/22-23 | 26-10-2021 | 02-12-2021 | 400000/- | 4000/- |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ തുക ഈടാക്കി അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച അപാകതകൾ

വേളം ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടുമ്പോൾ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാതെ ഗുണഭോക്താവിന്റെ ബാങ്ക്

അക്കൗണ്ടിലേക്ക് അനർഹമായി പെൻഷൻ അനുവദിക്കുന്നത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന പെൻഷണറുടെ പെൻഷൻ പോലും അതാത് സമയം സസ്പെന്റ് ചെയ്യാതെ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇപ്രകാരം മരണപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നൽകിയതായി ഓഡിറ്റ് കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

(1) പെൻഷൻ സസ്പെന്റ് ചെയ്യാനായി ലഭിച്ച അപേക്ഷകളിൽ ഓഡിറ്റിന് ലഭ്യമാക്കി അപേക്ഷകളിൽ അനർഹമായി നൽകിയ തുക തിരിച്ച് ഈടാക്കാനായി കത്ത് നൽകിയവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷാ തീയതി | പെൻഷൻ ID,ആധാർ/ പേര് | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ അനുവദിച്ച മാസം | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | 22-03-23 | അമ്മദ് കായത്തിരിക്കൽ (പെൻഷൻ ഐ.ഡി-110100200155) | 09-10-22 | 02/23 | 8000 |
| 2 | തീയതി രേഖപ്പെടുത്തിയിട്ടില്ല | പി.കെ കൃഷ്ണൻ (ആധാർ-340974878913) | 03-05-22 | 11/22 | 11200 |

ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പെൻഷൻ കൈപ്പറ്റുന്ന മേൽ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാത്തതിനാൽ ഇവരുടെ അക്കൗണ്ടിലേക്ക് അധികമായി അനുവദിച്ച പെൻഷൻ തുക തിരിച്ച് ' കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ' കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിന്റെ Account No-001101023000269നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനായി അതാത് പെൻഷൻ അക്കൗണ്ടുള്ള ബാങ്കുകൾക്ക് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക ട്രാൻസ്ഫ് ക്രഡിറ്റ് ചെയ്തതായ വിവരം ബാങ്ക് ഓഡിറ്റ് പിരീഡ് വരെ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

2022-23 ൽ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം ആകെ ഡെത്ത് രജിസ്റ്റർ ചെയ്തതിൽ എത്ര സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഉണ്ട് എന്ന് പഞ്ചായത്ത് പരിശോധിക്കുകയോ മരണപ്പെട്ട മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ സസ്പെന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. ഈ കാലയളവിൽ മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്തതുമായി ബന്ധപ്പെട്ട് ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മുൻ കാലങ്ങളിലും ഇപ്രകാരം മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാത്തത് സംബന്ധിച്ച് 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇതിനായി സ്വീകരിക്കേണ്ട നടപടികളും വിശദമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. പെൻഷൻ സസ്പെന്റ് ചെയ്യാനായി മരണപ്പെട്ടവരുടെ ബന്ധുക്കൾ പഞ്ചായത്തിൽ സമർപ്പിച്ച മേൽ പരാമർശിച്ച, പെൻഷൻ നേരിട്ട് ബാങ്കിലേക്ക് വരുന്നവരുടെ പെൻഷനുകൾ മാത്രമാണ് പഞ്ചായത്ത് സസ്പെന്റ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ആകെ എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നം.97/2020/ധന തീ.23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നിരിക്കെ നാളിതുവരെ ഈ ഉത്തരവ് പഞ്ചായത്തിൽ

നടപ്പിലാക്കിയിട്ടില്ല.

കൂടാതെ സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 63/2021/ധന തീയതി 02-08-2021 നമ്പർ സർക്കുലർ പ്രകാരം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്നതും എന്നാൽ ഈ പഞ്ചായത്തിൽ സ്ഥിര താമസമായവരുമായവരുടെ മരണ രജിസ്ട്രേഷൻ വിവരം മരണം രജിസ്റ്റർ ചെയ്ത തദ്ദേശ സ്വയംഭരണ സ്ഥാപനം ഈ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു മരണ വിവരവും ഇവിടെ ലഭ്യമായിട്ടില്ല.

പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളുടെ സേവനയിലെ കണക്ക് അനുസരിച്ച് ഓഗസ്റ്റ് 2023 വരെ 578 പേർ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതായുണ്ട്. ഇതിൽ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവർ 184 പേരും സഹകരണ സ്ഥാപനം വഴി നേരിട്ട് കൈയിൽ പെൻഷൻ കിട്ടുന്നവർ 394 പേരുമാണ്. ഈ മുഴുവനാളുകൾക്കും ജൂൺ 2023 വരെയുള്ള പെൻഷൻ പാസ്സായിട്ടുണ്ട്. ഇതിൽ മരണപ്പെട്ടവരും ഉൾപ്പെടാനുള്ള സാധ്യതയുണ്ട്. നാളിതുവരെ മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും മസ്റ്ററിംഗ് നടപടികൾ പൂർത്തിയാവാത്ത സാഹചര്യത്തിൽ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഈ മുഴുവനാളുകളുടെയും ലിസ്റ്റ് അങ്കണവാടി/ ആശാ വർക്കർമാരെ കൊണ്ടും പെൻഷൻ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥരെ കൊണ്ടും മറ്റ് ലഭ്യമായ മാർഗ്ഗങ്ങളിലൂടെയും വിശദമായ പരിശോധന നടത്തി നിലവിൽ പെൻഷൻ സസ്പെന്റ് ചെയ്യാത്ത അനർഹരായ മുഴുവൻ ആളുകളുടെയും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതും മരണപ്പെട്ടവരുടെ പെൻഷൻ അനർഹമായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് ഈടാക്കി മേൽ പരാമർശിച്ച പെൻഷൻ അക്കൗണ്ടിൽ അടവാക്കി വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-30 എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എ വാർഷിക പദ്ധതികൾ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ ചമച്ചിട്ടുള്ളതും 2022-23 വർഷം ചെലവ് വന്നിട്ടുള്ളതുമായ മെറ്റീരിയൽ വർക്കുകളിൽ നിന്നും 2% ജി.എസ്.ടി(ടി.ഡി.എസ്) കുറവ് ചെയ്യാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/22-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരം ജി.എസ്.ടി ഈടാക്കാത്തതിന്റെ വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | മെറ്റീരിയൽ വർക്കിന്റെ വർക്ക് കോഡ് | കരാറുകാരൻ | ഈടാക്കേണ്ട GST |
|---|---|---|---|
| 1 | 262418 | കരീം.എം | 4491 |
| 2 | 266332 | ശക്തി ലേബർ കോൺട്രാക്റ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 10064 |
| 3 | 278019 | ഇബ്രാഹിം കെ.പി | 4091 |

| | | | |
|---|---|---|---|
| 4 | 299792 | മലനാട് എൽ.സി.സി | 2894 |
| 5 | 299824 | അലിമോൻ | 7356 |
| 6 | 299995 | ഷാജു.സി.എം | 7497 |
| 7 | 300242 | ഷാജി.കെ | 5563 |
| 8 | 325860 | ദിനേഷ്.എൻ.കെ | 8104 |
| 9 | 325863 | ബഷീർ കെ.കെ | 8096 |
| 10 | 326055 | ഷാജു.സി.എം | 6550 |
| 11 | 326079 | ഹമീദ് ചെറുവേരി | 3164 |
| 12 | 326093 | ഇബ്രാഹിം കെ.പി | 7082 |
| 13 | 326099 | ഷാജു.സി.എം | 588 |
| 14 | 326121 | ഇബ്രാഹിം കെ.പി | 8099 |
| 15 | 326123 | ഇബ്രാഹിം കെ.പി | 8099 |
| 16 | 326128 | ഇബ്രാഹിം കെ.പി | 5801 |
| 17 | 328152 | ഹമീദ് ചെറുവേരി | 7421 |
| 18 | 342439 | കരീം എം | 7460 |
| 19 | 262414 | ഷാജി.കെ | 12336 |
| 20 | 298583 | മലനാട് എൽ.സി.സി | 8096 |
| 21 | 299808 | ഷാജു. സി.എം | 6468 |
| 22 | 300230 | ഇബ്രാഹിം കെ.പി | 4289 |
| 23 | 300231 | ഷാജു. സി.എം | 8090 |
| 24 | 300252 | മലനാട് എൽ.സി.സി | 8147 |
| 25 | 300326 | കരീം എം | 6403 |
| 26 | 302469 | കരീം എം | 7795 |
| 27 | 302474 | മലനാട് എൽ.സി.സി | 8186 |
| 28 | 305138 | കരീം എം | 6468 |
| 29 | 312246 | ശക്തി ലേബർ കോൺട്രാക്റ്റ് | 7675 |

| | | | |
|---|---|---|---|
| | | കോ- ഓപ്പറേറ്റീവ് സൊസൈറ്റി | |
| 30 | 325755 | കരീം എം | 8012 |
| 31 | 325757 | കുഞ്ഞമ്മദ് ഇ.എം | 8096 |
| 32 | 325772 | ഹമീദ് ചെറുവേരി | 8225 |
| 33 | 325819 | ശക്തി ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 3754 |
| 34 | 325830 | ഹമീദ് ചെറുവേരി | 8274 |
| 35 | 325858 | ഹമീദ് ചെറുവേരി | 8096 |
| 36 | 325864 | ബഷീർ.കെ.കെ | 5766 |
| 37 | 325874 | കരീം എം | 8291 |
| 38 | 325875 | കരീം എം | 6374 |
| 39 | 326080 | ഷാജി.കെ | 8096 |
| 40 | 326126 | ശക്തി ലേബർ കോൺട്രാക്റ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 6593 |
| 41 | 328154 | ഹമീദ് ചെറുവേരി | 8096 |
| 42 | 328160 | മുഹമ്മദ്.സി.കെ | 8096 |
| 43 | 328173 | കരീം എം | 7064 |
| 44 | 328178 | ശക്തി ലേബർ കോൺട്രാക്റ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 7355 |
| 45 | 328821 | ഹമീദ് ചെറുവേരി | 5634 |
| 46 | 328827 | ഹമീദ് ചെറുവേരി | 8096 |
| 47 | 329266 | ഷാജി.കെ | 7932 |
| 48 | 333265 | ഷാജു.സി.എം | 7490 |
| 49 | 342440 | ഹമീദ് ചെറുവേരി | 8336 |
| 50 | 342441 | ഷാജു.സി.എം | 6441 |
| 51 | 343443 | ഷാജു.സി.എം | 7006 |
| | ആകെ | | 357496/- |

ജി.എസ്.ടി ഈടാക്കാതെ ബിൽ തുക നൽകിയത് ഗുരുതര കൃത്യ വിലോപമാണ്. പട്ടിക പ്രകാരം ജി.എസ്.ടി സോഴ്സിൽ നിന്നും കുറവ് ചെയ്യാത്ത മേൽ പ്രവൃത്തികളുടെ കരാറുകാർ ഈ വർക്കുകൾക്ക് ജി.എസ്.ടി റിട്ടേൺ അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി ഇവരുടെ ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്ത മാസത്തെ ഇൻവോയിസ് വൈസ് ഡീറ്റയിൽസ് ഉള്ള ജി.എസ്.ടി ആർ-1 റിട്ടേൺ ഫോം ലഭ്യമാക്കി പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ജി.എസ്.ടി സോഴ്സിൽ നിന്നും ഡിഡക്റ്റ് ചെയ്യാതെ ബിൽ തുക കരാറുകാർക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള മോണിറ്ററിംഗ് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

1-31 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല

സ.ഉ (കൈ) നം.84/2022/തസ്വഭവ. തി.19.4.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇപ്രകാരം പദ്ധതികൾ തയ്യാറാക്കി കാണുന്നില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി വനിതകൾക്കായി നടപ്പാക്കിയിട്ടുണ്ട്.

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | മുട്ടഗ്രാമം | 1132200 |

മേൽ സൂചിപ്പിച്ച പദ്ധതി ജനറൽ പദ്ധതിയായി നടപ്പാക്കേണ്ടതാണ്. മാർഗ്ഗരേഖ ഖണ്ഡിക 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12/23/22.8.23) മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ വനിതാ ഘടക പദ്ധതി ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 19-08-2023 - 21-08-2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 480828 | 77/22-23 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 480828 | 0 |
| | 2022-23 | 99994 | 42/22-23 പാലിയേറ്റീവ് പരിചരണം | 99994 | |
| | 2022-23 | 150000 | 119/22-23.അതിദാരിദ്ര്യം | 150000 | |
| | 2022-23 | 1210000 | 46/22-23 ലൈഫ് ഭവന പദ്ധതി(എസ്.സി.പി) | 1210000 | 0 |
| | 2022-23 | 720000 | 49/22-23.ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 720000 | 0 |
| | 2022-23 | 100000 | 87/2022-23 ക്രാഡിൽ | 100000 | |

| | | | | | |
|---|---|---|---|---|---|
| | | | അങ്കണവാടി | | |
| | 2022-23 | 595000 | 138/2022-23 നരോക്കുഴി കുടിവെള്ള പദ്ധതി | 595000 | |
| | 2022-23 | 199995 | 102/22-23 ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 199995 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 234827 | 77/22-23 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 234827 | 0 |
| | 2022-23 | 1320000 | 46/22-23 ലൈഫ് ഭവനപദ്ധതി(എസ്.സി.പി) | 1320000 | 0 |
| | 2022-23 | 236000 | 49/22-23 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്കുള്ള സ്കോളർഷിപ്പ് | 236000 | 0 |
| | 2022-23 | 100260 | 120/22-23ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ് | 100260 | 0 |
| | 2022-23 | 49300 | 103/22-23. ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 49300 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക | ബിൽ നമ്പർ/ തീയതി | ചെലവ ഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|---|
| 2/22-23 | അങ്കണവാടി കൾക്ക് കുഴൽകിണർ | ഭൂജല വകുപ്പ് | 215494/- | 434/ 30.01.2023 | 0 | 215494/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായി | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|

| | | | രുന്ന തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 2278/2018.ത.സ്വ.ഭ.വ തീയതി-18/08/2018 | ഇല്ല | 24484000 | 3644052 | | 20839948 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2830882 |
| തൻവർഷം നിക്ഷേപിച്ച തുക | 107660 |
| ആകെ | 2938542 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2938542 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള ബാങ്ക്(കെ.ഡി.സി ബാങ്ക്-കുറ്റ്യാടി) | ലഭ്യമല്ല | 12 മാസം | 2355346 | |
| 2 | വേളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 03/11/2020 | 12 മാസം | 583196 | |
| ആകെ | | | | 2938542 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 31 | 2003-04 | 11.13.7.2 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 1999-2000 | - | 2003-04 | 11.14 | തൊഴിൽനികുതി കാലഹരണം | പരാമർശം തുടരുന്നു |
| - | - | 2015-16 | 4.1.5 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത കണക്കുകൾ | പരാമർശം തുടരുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി അപാകതകൾ | പരാമർശം തുടരുന്നു |
| 2019-20 | 1-35 | 2020-21 | 1-2-10 | പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭ്യമായില്ല | പരാമർശം തുടരുന്നു |
| 2019-20 | 1-25 | 2020-21 | അനുബന്ധം-2-104 | ലാബ് ഉപകരണങ്ങൾ വാങ്ങൽ-മുഴുവൻ ഉപകരണങ്ങൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും | പരാമർശം തുടരുന്നു |
| 2019-20 | 1-31 | 2020-21 | അനുബന്ധം-27 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- വർക്കിംഗ് ഗ്രൂപ്പ് ചുമതല നിർവ്വഹിച്ചില്ല | പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പെയ്മെന്റ് പ്രകാരം) | : 37982061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(റസീറ്റ് & പെയ്മെന്റ് പ്രകാരം) | : 34275517 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 748283 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 240000 | ശ്രീ.ശ്യാംദാസ്, കൃഷി ഓഫീസർ |
| 1-18 | 240493 | ശ്രീമതി.നീതു കുര്യാക്കോസ്, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-23 | 215494 | ശ്രീ.റഫീഖ് സി.കെ, സെക്രട്ടറി |
| 1-24 | 52296 | ശ്രീ ഷാനവാസ് ഇ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നീതു കുര്യാക്കോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലഭ്യമല്ല |

| | | |
|---|---|---|
| ശ്രീ.റഫീഖ് സി.കെ | സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത് | ഷെസ്, പാലൂർ, തിക്കോടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ/കെ.കെ.ഡി /പി7/1448/2019(1) തീ-10.12.2020 | 2 | 31 (എ), 31 (ബി) |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(2) തീ-30.09.2022 | 1 | 8 (പ്ലാൻ) |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(3) തീ-30.09.2022 | 1 | 2-(1) (വരവ്) |
| 2001-02 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(4) തീ-30.09.2022 | 1 | 10 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/ പി6/2240/2017 തീ-02.05.2018 | 1 | 3-3 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021() തീ-30.09.2022 | 2 | 3-14, 3-18 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(8) തീ-20.10.2022 | 1 | 3-2 |
| 2008-09 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(9) തീ-20.10.2022 | 1 | 3-7 |
| 2010-11& 2011-12 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(11) തീ-20.10.2022 | 3 | 3-9,3-15,3-17 |
| 2012-13& 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(12) തീ-28.10.2022 | 1 | 3-1 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി7/1783/2021 തീ-20.04.2022 | 2 | 3-7,3-8 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(13) തീ-22.12.2022 | 5 | 2-1(1),3-2(1),3-3,3-7,3-9 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(14) തീ-22.12.2022 | 5 | 2-2,2-5(2),3-2, 3-3,3-16, |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(15) തീ-23.12.2022 | 4 | 2-5,3-2,3-3, 3-9(3,5,6,7,8) |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(16) തീ-29.12.2022 | 16 | 1-12,1-13,1-14,1-16, 1-17,1-18,1-19,1-20,1-21, 1-22,1-32,1-33,1-35, 3-1,3-2,4-11 |
| 2019-20 | കെ.എസ്.എ/കെ.കെ.ഡി/ പി7/1403/2021(1) തീ-30.12.2022 | 24 | 1-9(2),1-9(4),1-11 (1,2,3,4,5,6 7,8,9,10,11, 12,13,15,18,20,21), 1-13,1-14-1(i)1-14-1(ii),, 1-14-1(iv), 1-15,1-16,1-17, 1-18,1-19,1-21,1-22,1-23, 1-26,1-27,1-28,1-30, 1-36(4,8),4-11 |
| 2020-21 | കെ.എസ്.എ/കെകെഡി/ പി7/988/2022 തീ-09.06.2022 | 29 | 1-1 മുതൽ 1-29 വരെ |

| | | | |
|---|---|---|---|
| 2021-22 | കെ.എസ്.എ/കെകെഡി/പി7/341/2023തീ-27.03.2023 | 32 | 1-1മുതൽ 1-30 വരെ, 3-1,3-2 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 24-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Velom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Velom Grama Panchayat for the year 2022-2023

Date: 04/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Velom Grama Panchayat for the Year 2022-2023.

**1.Major Observations**

1.Value of investment not tally with AFS
2.Non Disclosure of assets

**2.Other Observations**

1.All the schedules of the financial statements are not submitted.
2.Cash flow statement-Net increase in/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence.
3.All the the registers are not prepared
eg-License demand register
4.Lapses in making timely and accurate demand entries
5.Reconciliation statement of all accounts are not prepared

Eg-Post office savings Bank account
6.Depreciation not provided for an asset
7.Expenditure in ACR not tally with AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്